പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2372 — 18/02/2016 ൽ മറുപടിക്ക്

## ആരോഗ്യവകുപ്പ് ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ

| ചോദ്യം<br>ശ്രീ. ജെയിംസ് മാത്യു | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) അൻപത് വർഷം മുൻപ് ആരോഗ്യവകുപ്പ് നിർണ്ണയിച്ച ഡോക്ടർമാർ, നേഴ്സുമാർ, പാരാ മെഡിക്കൽ ജീവനക്കാർ എന്നിവരുടെ സ്റ്റാഫ് പാറ്റേൺ അടിയന്തരമായി പുന: പരിശോധിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;<br><br>(ബി) എന്നാൽ നാളിതുവരെയായി ഇത് നടപ്പാക്കിയിട്ടില്ല എന്നത് വിലയിരുത്തിയിട്ടുണ്ടോ;<br><br>(സി) എന്തുകൊണ്ടാണിത് നടപ്പാക്കാൻ കഴിയാതിരുന്നതെന്ന് വ്യക്തമാക്കുമോ? | (എ) (ബി) & (സി) സർക്കാർ ഉത്തരവ് (എം.എസ്)നം. 568/2008/ആ.കു.വ. തീയതി 06/11/2008 പ്രകാരം പ്രാഥമികാരോഗ്യകേന്ദ്രം, 24 X 7 പ്രാഥമികാരോഗ്യകേന്ദ്രം, സാമൂഹ്യാരോഗ്യ കേന്ദ്രം എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ആരോഗ്യ കേന്ദ്രങ്ങളുടെ സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രികൾ, ജില്ല/ജനറൽ ആശുപത്രികൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, സ്പെഷ്യാലിറ്റി ആശുപത്രികൾ തുടങ്ങിയ മേജർ ആരോഗ്യ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചായിരിക്കുമെന്ന് മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിൽ പറയുന്നുണ്ട്. മേൽപ്പറഞ്ഞ മേജർ ആരോഗ്യ സ്ഥാപനങ്ങളിൽ 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് ഇപ്പോഴുള്ളത് എന്ന് പറയുവാൻ കഴിയുകയില്ല. സ്പെഷ്യാലിറ്റി യൂണിറ്റുകൾ, ത്രീഷിഫ്റ്റ് ഡ്യൂട്ടി സമ്പ്രദായം, പുതിയ ചികിത്സാ രീതികൾ പരിശോധനാ സൗകര്യങ്ങൾ ഇടങ്ങിയവ ഏർപ്പെടുത്തുന്നതിനനുസരിച്ച് ഡോക്ടർമാർ, നഴ്സുമാർ തുടങ്ങിയ ചില കാറ്റഗറികളുടെ സ്റ്റാഫ് പാറ്റേണിൽ വ്യത്യാസം ഉണ്ടായിട്ടുണ്ട്. ഗവൺമെന്റ് ആശുപത്രികളിൽ നിന്നും ജില്ലാ മെഡിക്കൽ ഓഫീസർമാർ വഴി ലഭ്യമാകുന്ന തസ്തിക സൃഷ്ടിക്കാനുള്ള പ്രൊപ്പോസലുകൾ, നിലവിലെ ഈ സ്ഥാപനങ്ങളുടെ പ്രവർത്തന നിലവാരം വിലയിരുത്തി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ നിലവിലെ സാമ്പത്തിക നില കൂടി കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ